പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നമ്പർ. 122

06-03-2017 ൽ മറുപടിക്ക്

## അഗ്രോ സർവ്വീസ് സെന്റർ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ജോർജ് എം.തോമസ്<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. സി.കെ. ഹരീന്ദ്രൻ<br>ശ്രീ.യു.ആർ. പ്രദീപ് | ശ്രീ.വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

| | |
| --- | --- |
| എ) കാർഷിക മേഖലയിലേക്ക് യുവാക്കളെ ആകർഷിക്കുന്നതിനായി, കൃഷി ആദായകരമാക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും പദ്ധതിയുണ്ടോ ; വിശദാംശം നൽകുമോ; | എ) കാർഷിക മേഖലയിലേക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിനും തൊഴിൽ രഹിത യുവതീയുവാക്കൾക്ക് കാർഷിക മേഖലയിൽ തൊഴിൽ നൽകുന്നതിനും കൃഷി വകുപ്പ് മുഖ്യപരിഗണനയാണ് നൽകുന്നത്. കൃഷി ആദായകരമാക്കുന്നതിനും ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനുമായി നൂതന പദ്ധതികൾ കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൃഷിയിലെ വൈവിധ്യവൽക്കരണം, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ സംസ്കരണവും വിപണനവും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് മുന്തിയ പരിഗണനയാണ് നൽകുന്നത്. കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകർക്ക് വരുമാന വർദ്ധനവ് ഉറപ്പാക്കുന്നതിനും തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിനും കാർഷിക മേഖലയിൽ ആധുനിക രീതിയിലുള്ള യന്ത്രവൽക്കരണം അത്യന്താപേക്ഷിതമാണ്. ഇതിനായി കേരള കാർഷിക സർവ്വകലാശാലയുടെയും മറ്റ് സ്ഥാപനങ്ങളുടെയും ഗവേഷണ ഫലങ്ങൾ പ്രയോജനപ്പെടുത്തിയും കൃഷി വകുപ്പിന്റെ കീഴിലുള്ള ആത്മ ഉൾപ്പെടെയുള്ള പദ്ധതികൾ ഏകോപിപ്പിച്ചും അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നു. കാർഷിക മേഖലയിൽ തൊഴിലാളി |

| | |
|---|---|
| | കളുടെ ജോലിഭാരം ലഘൂകരിക്കുന്നതിനും. ഈ തൊഴിൽ മേഖല ആദായകരമാക്കുന്നതിനും അഗ്രോ സർവ്വീസ് സെന്ററുകൾക്ക് നിർണ്ണായക പങ്ക് വഹിക്കാനുണ്ട്. കൃഷിയുമായി ബന്ധപ്പെട്ട തൊഴിലുകൾക്ക് മാന്യത കുറവാണെന്ന ചിന്താഗതി സമൂഹത്തിൽ നിലനിൽക്കുന്നതുകൊണ്ടാണ് യുവാക്കൾ ഈ രംഗത്തേക്ക് കടന്നുവരാത്തത്. ജോലിയുടെ കാഠിന്യവും വിരസതയും ഒഴിവാക്കി, അഭിമാനത്തോടും അന്തസ്സോടും കൂടി ഏർപ്പെടാവുന്ന, സാമൂഹ്യ ഉത്തരവാദിത്തമുള്ള തൊഴിലായി കൃഷിയെ മാറ്റിയെടുക്കുവാനുള്ള തീവ്രപരിശ്രമത്തിലാണ് സർക്കാർ കാര്യക്ഷമവും കർഷകർക്ക് താങ്ങാവുന്നതുമായ കാർഷിക കർമ്മസേനയുടെ സേവനം കേരളത്തിലാകെ ഉറപ്പാക്കുന്നതിന് ഇതുവഴി സാധിക്കും. |
| ബി) സംസ്ഥാനത്ത് അഗ്രോ സർവ്വീസ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ടോ ; ഈ സെന്ററുകൾ വഴി ലക്ഷ്യമാക്കിയിരുന്ന നേട്ടമെന്തായിരുന്നുവെന്നും അവ നേടുന്നതിനായി എത്രമാത്രം സാധിച്ചിട്ടുണ്ടെന്നും അറിയിക്കാമോ; | ബി) ഉണ്ട്. സംസ്ഥാനത്ത് നാളിതുവരെ 64 അഗ്രോ സർവ്വീസ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. 2016-17 ൽ അനുവദിച്ച 20 സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഘട്ടം ഘട്ടം ആയി സംസ്ഥാനത്തെ മുഴുവൻ ബ്ലോക്കുകളിലും അഗ്രോ സെന്ററുകൾ സ്ഥാപിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കാർഷിക മേഖല നേരിടുന്ന കർഷക തൊഴിലാളിക്ഷാമത്തിന് പരിഹാരം കണ്ടെത്തുക, കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, വിവിധ കാർഷിക പ്രവർത്തനങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുക, കാർഷിക മേഖലയ്ക്ക് ആവശ്യമായ സഹായങ്ങൾ, സേവനങ്ങൾ എന്നിവയാണ് അഗ്രോ സർവ്വീസ് സെന്ററുകൾ വഴി ലക്ഷ്യമാക്കുന്ന പ്രധാന നേട്ടങ്ങൾ. ഇവയുടെ പ്രവർത്തനത്തിലൂടെ പദ്ധതിയുടെ ലക്ഷ്യങ്ങൾ പൂർണ്ണമായും നേടുന്നതിന് സാധിച്ചിട്ടുണ്ട്. |

| | |
|---|---|
| സി) ഗുണമേന്മയുള്ള നടീൽ വസ്തുക്കളും വളവും യഥാസമയം മിതമായ വിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കുന്നതിനും കാർഷികോപകരണങ്ങൾ വാടകയ്ക്ക് നൽകുന്നതിനും എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളത്; | സി) അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനങ്ങൾക്കു പുറമെ കാർഷിക വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, ജൈവവളം തുടങ്ങിയ ഉല്പാദനോപാധികളുടെ ഉല്പാദനം, വിതരണം, കൃഷിപ്പണികൾക്കാവശ്യമായ കാർഷിക ഉപകരണങ്ങളും, യന്ത്രങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് വാടകയ്ക്ക് നൽകുക തുടങ്ങിയ സേവനങ്ങൾ അഗ്രോ സർവ്വീസ് സെന്ററുകൾ മുഖേന കർഷകർക്ക് നൽകിവരുന്നു. |
| ഡി) ഈ മേഖലയിൽ ഗവേഷണ സ്ഥാപനങ്ങൾക്ക് ഇക്കാര്യത്തിൽ എത്രമാത്രം ഫലപ്രദമായി ഇടപെടാൻ സാധിച്ചിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ? | ഡി) ഉണ്ട്. അഗ്രോ സർവ്വീസ് സെന്ററിലെ അംഗങ്ങൾക്കു വിവിധ കാർഷിക യന്ത്രങ്ങളുടെ ഉപയോഗം, സർവ്വീസ് എന്നിവ സംബന്ധിച്ച് കൃഷി പരിപാലന മുറകൾ, ആധുനിക കൃഷിരീതികൾ എന്നീ വിഷയങ്ങളിൽ വിശദമായ പരിശീലനം നൽകുന്നതിന് കാർഷിക സർവകലാശാലയുടേയും മറ്റ് ഗവേഷണ സ്ഥാപനങ്ങളുടേയും സേവനം ഫലപ്രദമായി ഉപയോഗിക്കാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ